"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ വയനാട് ജില്ല കൽപ്പറ്റ ജില്ലാ ആയുർവേദ ആശുപത്രിയിലെ ആയുർവേദ തെറാപ്പിസ്റ്റ് ശ്രീ.മനു കൃഷ്ണൻ ആർ.എസ്. ന് വിദേശത്തു പഠനം നടത്തുന്നതിനായി ശൂന്യവേതന അവധി അനുവദിച്ചത് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.104/2026/AYUSH തീയതി,തിരുവനന്തപുരം, 24-02-2026

---

പരാമർശം:- 1. 17/08/2024-സ.ഉ.(സാധാ) നം.292/2024/ആയുഷ്.

2. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 21.02.2025 ലെ DISM/1487/2024-E1 നം.കത്ത്.

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പിൽ വയനാട് ജില്ല കൽപ്പറ്റ ജില്ലാ ആയുർവേദ ആശുപത്രിയിലെ ആയുർവേദ തെറാപ്പിസ്റ്റ് ശ്രീ. മനു കൃഷ്ണൻ ആർ.എസ്. ന് 21.06.2024 മുതൽ 10.08.2025 വരെ കെ.എസ്.ആർ., ഭാഗം 1, ചട്ടം 88 പ്രകാരം, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

**2.** എന്നാൽ ശ്രീ മനു കൃഷ്ണൻ ആർ.എസ്. ന്റെ വിസ നിരസിച്ചതിനാൽ ടിയാൾക്കു പഠനത്തിനായി വിദേശത്തു പോകാൻ സാധിക്കാത്ത സാഹചര്യത്തിൽ അവധി റദ്ദ് ചെയ്തു നൽകുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്നും ആയത് പരിഗണിച്ച് ടിയാന് പരാമർശം (1) പ്രകാരം പഠനാവശ്യത്തിന് അനുവദിച്ച ശൂന്യവേതനാവധി റദ്ദ് ചെയ്തു ഉത്തരവാകണമെന്നും ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൽപ്പറ്റ ജില്ലാ ആയുർവേദ ആശുപത്രിയിലെ ആയുർവേദ തെറാപ്പിസ്റ്റ് ശ്രീ. മനു കൃഷ്ണൻ ആർ.എസ്. ന് വിദേശത്തു പഠനം നടത്തുന്നതിനായി 21.06.2024 മുതൽ 10.08.2025 വരെ കെ.എസ്.ആർ., ഭാഗം 1, ചട്ടം 88 അനുസരിച്ച് പരാമർശം (1) പ്രകാരം അനുവദിച്ച ശൂന്യവേതനാവധി വിനിയോഗിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പരാമർശം (1) സർക്കാർ ഉത്തരവ് റദ്ദു ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

നിസ്സാർ .എ

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.

2. ശ്രീ മനു കൃഷ്ണൻ ആർ.എസ്., ആയുർവേദ തെറാപ്പിസ്റ്റ്, ജില്ലാ ആയുർവേദ ആശുപത്രി, കൽപ്പറ്റ, വയനാട് ജില്ല (ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ മുഖേന).

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം.
4. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ് (E 2831395/HLT-B3/325/2024-FIN തീയതി 11.02.2026)
5. വിവര പൊതുജനസമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിനായി).
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AYUSH-A1/70/2025-AYUSH)

ഉത്തരവിൻ പ്രകാരം

Signed by
Pradeep R S
സെക്ഷൻ ഓഫീസർ
Date: 24-02-2026 14:30:00